LIBRARY ARCHIVES Kerala Legislative Assembly

ടൈബൽ വില്ലേജ് മാർക്കറ്റ്

65(5512) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൈബൽ വില്ലേജ് മാർക്കറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ബി) എങ്കിൽ എവിടെയെല്ലാമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ടൈബൽ വില്ലേജ് മാർക്കറ്റ് എന്ന പദ്ധതി തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ തീരുമാനിച്ചിട്ടില്ല.

മലപ്പുറം നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

66(5513) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മലപ്പുറം നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) അവയുടെ നിർമ്മാണ പുരോഗതിയും സ്വീകരിച്ചിട്ടുള്ള നടപടികളെയും സംബന്ധിച്ച വിശദവിവരം നൽകാമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം മലപ്പുറം നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പാലമുറ്റം പട്ടികജാതി കോളനിയെയും 2019-20 സാമ്പത്തിക വർഷത്തിൽ ആണ്ടിക്കാട്ടിൽ പട്ടികജാതി കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. പാലമുറ്റം പട്ടികജാതി കോളനിയിൽ 41 വീടുകളുടെ പുനരുദ്ധാരണവും 4 റോഡുകളും ഫുട്പാത്തും പൂർത്തീകരിച്ചിട്ടുണ്ട്. ആണ്ടിക്കാട്ടിൽ പട്ടികജാതി കോളനിയിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി 10 ലക്ഷം രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷംതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും എഞ്ജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം

67(5514) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുന്നതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

നൈപുണ്യ വികസനത്തിനായി സംസ്ഥാന സർക്കാർ അംഗീകാരമുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന്റെയോ, Deen Dayal Upadhyaya Grameen Kaushalya Yojana (DDUGKY), National Skills Qualifications Framework (NSQF), National Skill Development Corporation (NSDC) എന്നിവയുടെ അംഗീകാരമുള്ളതോ ആയ കോഴ്സുകൾ നടത്തുന്നവരിൽ നിന്നാണ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഏജൻസികളെ മത്സരാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് കോഴ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തുന്നു.

(ബി) പ്രസ്തുത ഏജൻസികൾ കോവിഡ് കാലത്ത് ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോയെന്ന കാര്യം അറിയിക്കാമോ?

2020-21 വർഷത്തിൽ 6 കോഴ്സുകളിലാണ് നൈപുണ്യപരിശീലനം ആരംഭിച്ചത്. ഇതിൽ Quantity Surveyor കോഴ്സ് കോവിഡ് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ മുഴുവനായി പാലിച്ച് സർക്കാർ അനുമതിയോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഗാർമെന്റ് ഡിസൈനിംഗ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് മാനുഫാക്ചറിംഗ്, കെട്ടിട നിർമ്മാണ പരിശീലനം (ഗ്രൂപ്പ്ജീവികഘട്ടം) എന്നിവ കോവിഡ് നിയന്ത്രണത്തോടനുബന്ധിച്ച് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിയന്ത്രണങ്ങൾക്ക് ഇളവ് ലഭിക്കുന്ന മുറയ്ക്ക് ആയവ പുനരാരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly